# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :723　　　　30.01.2019 ലെ മറുപടിയ്ക്ക്

## പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം

| | **ചോദ്യം**<br><br>ശ്രീ. വി.പി.സജീന്ദ്രൻ | | **മറുപടി**<br><br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകൻ മരണമടഞ്ഞാൽ കുടുംബത്തിന് നൽകിവരുന്ന ധനസഹായം എത്രയാണെന്ന് വിശദമാക്കാമോ; | എ) & ബി) | 22.11.2018-ലെ സ.ഉ(കൈ)നം.85/2018/ പജപവവിവ പ്രകാരം പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണമടഞ്ഞാൽ കുടുംബത്തിന് നൽകുന്ന ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ. എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം —

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഏകവരുമാനദായകന്റെ മരണം- ധനസഹായ തുക വർദ്ധിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

**സ.ഉ.(കൈ)നം.85/2018/പജപവവിവ. തീയതി, തിരുവനന്തപുരം, 22/11/2018**

പരാമർശം:- 1. സ.ഉ.(കൈ)നം.128/12/പജപവവിവ. തീയതി 20/09/2012.

2. പട്ടികജാതി വികസന ഡയറക്ടറുടെ 17.02.2017,29.10.2018 തീയതികളിലെ ഡെവ.ബി1-25743/15 നമ്പർ കത്ത്.

**ഉത്തരവ്**

ഏക വരുമാനദായകൻ മരണപ്പെടുന്ന കുടുംബങ്ങൾക്ക് പരാമർശം (1) പ്രകാരം 50,000/- രൂപ വീതം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു.

പരാമർശം (2) പ്രകാരം പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികജാതി കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ധനസഹായ തുക 50,000/- രൂപയിൽ നിന്നും 3,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകന്റെ മരണം മൂലം കുടുംബത്തിനുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം കണക്കിലെടുത്തും, നിലവിലെ വർദ്ധിച്ചു വരുന്ന ജീവിതച്ചെലവുകൾ പരിഗണിച്ചും പട്ടികജാതി കുടുംബത്തിന് നൽകി വരുന്ന ധനസഹായ തുക 50,000/- രൂപയിൽ നിന്നും 2,00,000/-(രണ്ടു ലക്ഷം മാത്രം) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക '2225-01-800-57' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഷർമിള.സി**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം,
എല്ലാ വകുപ്പ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ),കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ,ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ധനകാര്യം/നിയമം ഉൾപ്പെടെ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ